പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ തട്ടിക്കൊണ്ടുപോകുകയും മറ്റൊരു കേസിൽ പായിപ്ര സൊസൈറ്റിപടി ഭാഗത്ത് വീട്ടുമുറ്റത്ത് പാർക്ക് ചെയ്തിരുന്ന തമിഴ്നാട് സ്വദേശിയുടെ ബൈക്ക് മോഷ്ടിക്കുകയും ചെയ്ത കേസിലെ പ്രതി അറസ്റ്റിൽ. മുവാറ്റുപുഴ മുളവൂർ പായിപ്ര സൊസൈറ്റിപടി ഭാഗത്ത് ചൂരചിറയിൽ വീട്ടിൽ വിഷ്ണു ദേവ് രവികുമാർ (22)നെയാണ് മുവാറ്റുപുഴ പോലീസ് അറസ്റ്റ് ചെയ്തത്. പത്തനംതിട്ട ജില്ലയിലെ റാന്നിയിലെ ഉൾപ്രദേശത്ത് നിന്നുമാണ് ഇയാളെ പിടികൂടിയത്.